


## കെ.ടിയുടെ പ്രസ്ഥാന യാത്രകൾ - 9




■ കെ.ടി അബ്ദുർറഹീം
■ സദ്റുദ്ദീൻ വാഴക്കാട്


# കുട്ടൂത്തയുടെ കത്തി

**ഇന്റലിജൻസിന്റെ** നിരന്തരമായ അന്വേഷണങ്ങൾ ജമാഅത്തിനെക്കുറിച്ച് നടന്നിരുന്നു. ഇന്റലിജൻസ് ഉദ്യോഗസ്ഥർ ഇടക്കിടെ മർകസിൽ വരും, സംസാരിക്കും. അവരുടെ വണ്ടി മർകസിന് പുറത്ത് പാർക്ക് ചെയ്തിട്ടുണ്ടാകും. ജനങ്ങളുടെ മനസ്സിൽ ഇത് വല്ലാത്ത ഒരു ഭീതി സൃഷ്ടിച്ചിരുന്നു. ജമാഅത്തിനോട് അടുക്കാൻ പലരും മടിച്ചതിന്റെ കാരണവും ഇതായിരുന്നു. എനിക്ക് ഇന്റലിജൻസുകാരുമായി നല്ല ബന്ധം സ്ഥാപിച്ചെടുക്കാൻ സാധിച്ചു. താടിയില്ല എന്നതായിരുന്നു ഒരു അനുകൂല ഘടകം. കപ്പലിൽനിന്ന് താടിവടിച്ച ഞാൻ പിന്നീട് താടി വളർത്തിയിരുന്നില്ല. അന്തമാനിലെത്തുമ്പോൾ താടിയില്ലാതായിരുന്നയാൾ പിന്നീട് താടി വളർത്തിയാൽ അത് കൃത്രിമമാണെന്ന് ആളുകൾ തെറ്റിദ്ധരിക്കും എന്നതായിരുന്നു കാരണം. ഇതുപക്ഷേ, ഇന്റലിജൻസിനെ സംബന്ധിച്ച് ഒരു അനുകൂല ഘടകമായി. 'താടിയില്ലാത്ത' ജമാഅത്തുകാരൻ 'താടിയുള്ള' ജമാഅത്തുകാരനെ പോലെ അപകടകാരിയല്ല എന്ന് അവർക്ക് തോന്നിയിരിക്കണം. അവർ എന്റെ അടുത്ത് വന്ന് സംസാരിക്കും. അവരുടെ കൂടെ തന്നെ ഞാൻ യാത്ര ചെയ്യും. അവരുടെ വണ്ടിയിൽ തന്നെ ബസാറിലേക്കും മറ്റും പോകും. അവരുടെ ഓഫീസിനടുത്തെത്തും മുമ്പേ എന്നെ ഇറക്കും. അവരുടെ വണ്ടിയിൽ ഞാൻ യാത്ര ചെയ്യുന്നത് മേലുദ്യോഗസ്ഥർ കാണാതിരിക്കാനായിരുന്നു അത്. വളരെ സൗഹൃദപരമായിരുന്നു അവരുമായുള്ള ബന്ധം.

**സുന്നികളുമായി ഏറ്റുമുട്ടിയിരുന്ന ഖാദിയാനികൾ അവരെ വാദപ്രതിവാദത്തിന് വെല്ലുവിളിച്ചിരുന്നു. പക്ഷേ സുന്നികൾ ഒഴിഞ്ഞു മാറുകയാണുണ്ടായത്. 'പരിശുദ്ധമായ നമ്മുടെ സ്റ്റേജിൽ ഖാദിയാനികളെ കയറ്റുകയോ' എന്നായിരുന്നു സുന്നികളുടെ ചോദ്യം! തങ്ങൾക്ക് മറുപടി പറയാൻ ആർക്കും കഴിയില്ല എന്ന ധാരണയിലായിരുന്നു ഖാദിയാനികൾ. ജനങ്ങൾക്കും അത്തരമൊരു തോന്നലുണ്ടായിരുന്നു.**

### ഭിന്നിപ്പിനെതിരിൽ

സുന്നി-മുജാഹിദ്-ജമാഅത്ത് ഭിന്നത കഴിയുന്നത്ര കുറച്ചുകൊണ്ടുവരാനും സംഘർഷങ്ങൾ ഇല്ലാതാക്കാനുമായിരുന്നു അന്തമാനിൽ ഞാൻ കാര്യമായി ശ്രമിച്ചത്. വഅ്ളുകളിൽ ആരോപണ പ്രത്യാരോപണങ്ങൾ നടത്തിയിരുന്ന, ഖണ്ഡന പ്രസംഗങ്ങൾ നിരന്തരം നടത്തിയിരുന്ന അവസ്ഥക്ക് മാറ്റംവരുത്താനുള്ള ശ്രമങ്ങൾക്ക് വലിയ ഫലമാണ് ഉണ്ടായത്. സംഘടനാപരമായ വിഭാഗീയതയുടെ മനസ്സ് ഇല്ലാതാകാൻ തുടങ്ങി. ജമാഅത്ത്-മുജാഹിദ്-സുന്നി പ്രവർത്തകർ ഒരു കുടുംബത്തിലെ അംഗങ്ങളെപ്പോലെ ഇടപഴകുന്ന അവസ്ഥയുണ്ടായി.

എല്ലാ വിഭാഗങ്ങളിലും പെട്ട ആളുകളുമായി ഉറ്റബന്ധം സ്ഥാപിച്ചെടുത്തുകൊണ്ടാണ് വിഭാഗീയതകൾ കുറച്ചുകൊണ്ടുവന്നത്. സുന്നി-മുജാഹിദ് നേതാക്കളെ സമീപിക്കും, സൗഹൃദ സംഭാഷണങ്ങൾ നടത്തും. സംഘടനാതീതമായ വിവാഹബന്ധങ്ങൾ ഉണ്ടാക്കിയെടുക്കാൻ ശ്രമിച്ചു. അത് കുറേയൊക്കെ വിജയംകണ്ടു. സംഘടനാ സങ്കുചിതത്വം കുറച്ചുകൊണ്ടുവരുന്നതിൽ വിവാഹബന്ധങ്ങൾ വലിയ പങ്കാണ് വഹിച്ചത്. പള്ളികൾക്കിടയിലെ വേർതിരിവും അവസാനിപ്പിക്കാൻ ശ്രമിച്ചു. 'ഞങ്ങളുടെ പള്ളി', 'നിങ്ങളുടെ പള്ളി' എന്ന വ്യത്യാസമില്ലാതെ 'അല്ലാഹുവിന്റെ പള്ളി'കളിൽ എല്ലാ വിഭാഗക്കാരും പോകാൻ തുടങ്ങി.

സുന്നി യുവജനസംഘം പ്രസിഡന്റായിരുന്ന മൊയ്തുണ്ണി സാഹിബും ഞാനും

തമ്മിൽ ആത്മബന്ധം തന്നെ ഉണ്ടായി. ഇത് സുന്നി-ജമാഅത്ത് വിഭാഗീയത കുറക്കുന്നതിൽ വലിയ പങ്കുവഹിച്ചു. ഒരിക്കൽ ത്വരീഖത്ത് നേതാവ് ബി. കുട്ടി ഹസൻ ഹാജി അന്തമാനിൽ വന്നു. പഴയതുപോലെ ഒരു പ്രസംഗം നടത്തലായിരുന്നു അദ്ദേഹത്തിന്റെ ലക്ഷ്യം. മൊയ്തുണ്ണി സാഹിബിനോട് അദ്ദേഹം വിഷയമവതരിപ്പിച്ചു. "പൊതുപ്രസംഗം ഇവിടെ വേണ്ട. ഞങ്ങൾ സുന്നികളിൽതന്നെ പല തെറ്റുകളുമുണ്ട്. അതൊക്കെ നന്നാക്കിയെടുക്കാവുന്നവിധം ഞങ്ങൾക്ക് ഉപദേശങ്ങൾ തന്നാൽ മതി. സുന്നികൾക്കു വേണ്ടി പള്ളിക്കകത്തു വെച്ചുള്ള ഒരു ഉപദേശ പ്രസംഗം നടത്താം. മറ്റുള്ളവരെ കുറ്റം പറയുന്ന പൊതു പ്രസംഗം വേണ്ട" എന്നായിരുന്നു മൊയ്തുണ്ണി സാഹിബിന്റെ മറുപടി. 'ജമാഅത്തുകാർക്കും മുജാഹിദുകാർക്കും അവരുടെ ആളുകൾ ഉപദേശം കൊടുക്കുന്നുണ്ട്. അതുപോലെ ഞങ്ങൾക്കും താങ്കളുടെ ഉപദേശങ്ങൾ ആകാം. ഇവിടെ ജമാഅത്ത് പ്രവർത്തനം നടത്തുന്ന ശാന്തപുരത്തുകാരൻ കെ.ടി അബ്ദുർറഹീം നല്ല പ്രസംഗകനാണെന്ന് ഞങ്ങൾ കേട്ടിട്ടുണ്ട്. ഒന്നര വർഷമായി അദ്ദേഹം അന്തമാനിൽ വന്നിട്ട്. പക്ഷേ അദ്ദേഹം അന്തമാനിൽ ഒരു പൊതുപ്രസംഗവും നടത്തിയിട്ടില്ല. രണ്ട് പള്ളികളിലും അദ്ദേഹം ഖുത്ബ നടത്താറുണ്ട്. പക്ഷേ മറ്റുള്ളവരെ കുറ്റംപറയുന്ന പ്രസംഗങ്ങൾ കെ.ടി നടത്താറില്ല. ഞങ്ങളോട് അദ്ദേഹത്തിന് നല്ല ബന്ധമാണ്. ഞങ്ങൾക്ക് തിരിച്ചും. ഈ ബന്ധം മുറിക്കുന്ന രീതിയിലൊരു പൊതുപ്രസംഗവും വേണ്ട." മൊയ്തുണ്ണി സാഹിബ് നിലപാട് വിശദീകരിച്ചു. 'എങ്കിലും ഒരു പ്രസംഗം നടത്തിക്കൂടേ' എന്ന് കുട്ടി ഹസൻ ഹാജി ചോദിച്ചു. 'പറ്റില്ലെന്ന്' മൊയ്തുണ്ണി സാഹിബ് തീർത്തു പറഞ്ഞു.

കുട്ടി ഹസൻ ഹാജി മൊയ്തുണ്ണി സാഹിബിന്റെ കടയിൽ ഇരിക്കുമ്പോഴാണ് ഞാൻ അവിടേക്ക് കയറിച്ചെന്നത്. ഹാജി വന്ന വിവരം ഞാനറിഞ്ഞിരുന്നു. ഞാൻ സലാം പറഞ്ഞു. കുട്ടി ഹസൻ ഹാജി സലാം മടക്കി. വിശേഷങ്ങൾ അന്വേഷിച്ചു. മരക്കച്ചവടത്തിന് വന്നതാണെന്ന് അദ്ദേഹം പറഞ്ഞു. ഒരു കസേരയിലാണ് അദ്ദേഹം ഇരിക്കുന്നത്. അകത്ത് മറ്റൊരു കസേരയിൽ മൊയ്തുണ്ണി സാഹിബ്. ഒരു ബെഞ്ചുണ്ട്, ഞാൻ അതിലാണ് സാധാരണ ഇരിക്കാറ്. ഞാൻ ചെന്നപ്പോൾ മൊയ്തുണ്ണി സാഹിബ് അദ്ദേഹം ഇരിക്കുന്ന കേസര എനിക്ക് ഒഴിഞ്ഞുതന്നു. ഞാനതിൽ ഇരുന്നു. ഞാനൊരിക്കലും അങ്ങനെ ചെയ്യാറുണ്ടായിരുന്നില്ലെങ്കിലും അന്നത് ചെയ്തു. കാരണം, നമുക്ക് അവിടെയുള്ള സ്വാധീനം കുട്ടി ഹസൻ ഹാജിക്ക് ബോധ്യപ്പെടേണ്ടതുണ്ടായിരുന്നു.

കടയിലിരുന്ന് ഞാൻ ബഗീച്ചക്ക് ഫോൺ ചെയ്തു. സംസാരത്തിനിടെ ഞാൻ പറഞ്ഞു: 'ഞങ്ങൾ മെയിൻ ലാന്റിൽനിന്ന് വന്നവരാണ്. നിങ്ങൾ ഇവിടെ ദ്വീപിൽ താമസിക്കുന്നവരും. ഞങ്ങൾ പ്രസംഗങ്ങൾ നടത്തി തിരിച്ചുപോകും. പിന്നീട് നിങ്ങൾ ഇവിടെ തമ്മിലടിക്കും. അങ്ങനെ ഇനിയും തമ്മിലടിക്കണം എന്നാണെങ്കിൽ നിങ്ങൾ ഒരു പൊതു പരിപാടി നടത്തിക്കോളൂ. എനിക്ക് വിരോധമില്ല. ഞാൻ അതിന് മറുപടിയൊന്നും പറയില്ല. അതെന്റെ ജോലിയല്ല'. ഇത് പറയുന്നത് കുട്ടി ഹസൻ ഹാജി കേൾക്കുന്നുണ്ടായിരുന്നു. അപ്പോഴേക്കും ഒരാൾ വന്ന് കുട്ടി ഹസൻ ഹാജിയെ നാസ്ത കഴിക്കാൻ കൂട്ടികൊണ്ടുപോയി. പരിപാടി നടക്കില്ലെന്ന് മനസ്സിലായതോടെ അദ്ദേഹം ദൽഹിയിൽ ഒരു പരിപാടിയിൽ പങ്കെടുക്കാനുണ്ടെന്ന് പറഞ്ഞ് അന്തമാൻ വിട്ടു. മൊയ്തുണ്ണി സാഹിബ് അദ്ദേഹത്തിന് കൽക്കത്തയിലേക്കുള്ള വിമാന ടിക്കറ്റും എടുത്തുകൊടുത്തു. അടുത്ത ദിവസം അദ്ദേഹം കൽക്കത്തയിലേക്ക് വിമാനം കയറി.

### സംഘടിത സകാത്ത്

അലൂമിനിയം പാത്രം തലയിൽ ചുമന്നുകൊണ്ട് പോയി വിറ്റ് ഉപജീവനം കണ്ടെത്തിയിരുന്ന അബു എന്നൊരാളുണ്ടായിരുന്നു. ഭാര്യയുടെ സ്വർണം പണയംവെച്ച് അഞ്ഞൂറു രൂപയോ മറ്റോ കടം വാങ്ങിയാണ് കച്ചവടം നടത്തുക. ഒരു വർഷം കഴിയുമ്പോൾ ആ പണം തിരിച്ചടച്ച് പണയ സ്വർണം എടുക്കും. വീണ്ടും പണയംവെച്ച് കടംവാങ്ങി കച്ചവടം നടത്തും. കടത്തിൽനിന്ന് മോചനമില്ലാത്ത അവസ്ഥ. ഇങ്ങനെ സാമ്പത്തിക പ്രയാസം അനുഭവിക്കുന്ന ധാരാളം ആളുകളുണ്ടായിരുന്നു. ഇത് പരിഹരിക്കാൻ സകാത്ത് ശേഖരണ വിതരണം വ്യവസ്ഥാപിതമാക്കുന്നതിനെക്കുറിച്ചായി എന്റെ ചിന്ത. നേരത്തേ ഞാറയിൽകോണം മഹല്ലിൽ അത്തരം ചില നീക്കങ്ങൾ നടത്തിയ പരിചയംവെച്ച് ആ വഴിക്കൊരു ശ്രമം ആരംഭിച്ചു.

വ്യവസ്ഥാപിതമായ സകാത്ത് സംവിധാനമൊന്നും അന്തമാനിലുണ്ടായിരുന്നില്ല. സകാത്ത് പണമായി കുറച്ചു സംഖ്യ ചിലർ സകാത്ത് കമ്മിറ്റിക്ക്കൊടുക്കും. കമ്മിറ്റി അത് അപ്പോഴത്തെ ആവശ്യക്കാർക്ക് ഓഹരി വെച്ചുകൊടുക്കും. ഒരാളുടെയും പ്രശ്നങ്ങൾക്ക് പരിഹാരം കാണാൻ സാധിച്ചിരുന്നില്ല. അതിൽ നിന്നൊരു മാറ്റം വേണമെന്നനിലക്ക് സകാത്ത് പണം വിനിയോഗിക്കാൻ തീരുമാനിച്ചു. കച്ചവടക്കാരനായ അബുവിന്റെ കടം വീട്ടി, കച്ചവടം നടത്താനുള്ള പണം കൊടുത്തു. അദ്ദേഹം കടത്തിൽനിന്ന് രക്ഷപ്പെടുക മാത്രമല്ല, കച്ചവടം പുരോഗമിക്കുകയും ചെയ്തു. കുറച്ചുകാലം കഴിഞ്ഞപ്പോൾ തന്റെ കച്ചവടത്തിന്റെ സകാത്ത് അദ്ദേഹം സകാത്ത് ഫണ്ടിലേക്ക് തരികയും ചെയ്തു. ചെറിയ സംഖ്യയായിരുന്നു അതെങ്കിലും കടക്കാരനായിരുന്ന അദ്ദേഹം കുറഞ്ഞകാലം കൊണ്ട് സകാത്ത് ദായകനായി മാറിയത് വല്ലാതെ സന്തോഷിപ്പിക്കുകയും ചിന്തിപ്പിക്കുകയും ചെയ്തു. സകാത്ത് വ്യവസ്ഥാപിതമായി നടപ്പിലാക്കിയാൽ ദാരിദ്ര്യ നിർമാർജനം സാധിക്കുമെന്ന് അനുഭവത്തിലൂടെ തന്നെ ബോധ്യമായി. കാലി വളർത്താൻ താൽപര്യമുള്ള ചിലർക്ക് എരുമകളെ വാങ്ങി കൊടുക്കുകയും മറ്റു സഹായങ്ങൾ നൽകുകയുമൊക്കെ ചെയ്തു. എരുമ വളർത്തൽ അന്തമാനിലെ പ്രധാന ഉപജീവന മാർഗമായിരുന്നു. നാല് എരുമകളുള്ള ആൾ എന്നു പറഞ്ഞാൽ സാമ്പത്തികശേഷിയുള്ള ആൾ എന്നാണ് അർഥം. ഇങ്ങനെ ഏതാനും വ്യക്തികൾക്ക് ഫലപ്രദമായ രീതിയിൽ സകാത്ത് കൊടുക്കുന്നതിൽ ചിലർക്ക് അഭിപ്രായ വ്യത്യാസം ഉണ്ടായിരുന്നു. കുറഞ്ഞ സംഖ്യയാണെങ്കിലും കൂടുതലാളുകൾക്ക് കൊടുക്കണം എന്നായിരുന്നു അ

**സുന്നി – മുജാഹിദ് – ജമാഅത്ത് ഭിന്നത കഴിയുന്നത്ര കുറച്ചുകൊണ്ടുവരാനും സംഘർഷങ്ങൾ ഇല്ലാതാക്കാനുമായിരുന്നു അന്തമാനിൽ ഞാൻ കാര്യമായി ശ്രമിച്ചത്. വഅ്ളുകളിൽ ആരോപണ പ്രത്യാരോപണങ്ങൾ നടത്തിയിരുന്ന, ഖണ്ഡന പ്രസംഗങ്ങൾ നിരന്തരം നടത്തിയിരുന്ന അവസ്ഥക്ക് മാറ്റം വരുത്താനുള്ള ശ്രമങ്ങൾക്ക് വലിയ ഫലമാണ് ഉണ്ടായത്. സംഘടനാപരമായ വിഭാഗീയതയുടെ മനസ്സ് ഇല്ലാതാകാൻ തുടങ്ങി. ജമാഅത്ത് – മുജാഹിദ് – സുന്നി പ്രവർത്തകർ ഒരു കുടുംബത്തിലെ അംഗങ്ങളെപ്പോലെ ഇടപഴകുന്ന അവസ്ഥയുണ്ടായി.**

വരുടെ അഭിപ്രായം. ഞാനതിനെ ശക്തിയായി എതിർത്തു. ചെറിയ ചെറിയ സംഖ്യകൾ കുറഞ്ഞ ആളുകൾക്ക് കൊടുക്കുകയും ഒരു കാലത്തും പ്രശ്നങ്ങൾ പരിഹരിക്കപ്പെടാതെ അവർ സകാത്ത് സ്വീകർത്താക്കളായി തുടരുകയും ചെയ്യുന്നതല്ല, ഒന്നോ രണ്ടോ പേരായിട്ടാണെങ്കിലും പ്രയാസമുള്ളവർ ക്രമേണ അതിൽ നിന്ന് രക്ഷപ്പെടുന്ന രീതിയിലാണ് സകാത്ത് വിതരണം ചെയ്യേണ്ടതെന്ന് അവരെ ബോധ്യപ്പെടുത്തി.

### അനന്തരാവകാശത്തർക്കം

അന്തമാനിൽ ഒരു അനന്തരാവകാശത്തർക്കം ഉടലെടുത്തു. ഒരാൾക്ക് രണ്ടു ഭാര്യമാർ. ആദ്യ ഭാര്യയിൽ ഒരു പെൺകുട്ടി മാത്രം. രണ്ടാമത്തെ ഭാര്യയിൽ പെൺമക്കളും ആൺമക്കളും. 'രണ്ടാമത്തെ ഭാര്യയിൽ ആൺകുട്ടികളും പെൺകുട്ടികളും ഉള്ളതുകൊണ്ട് അവർക്കാണ് അനന്തരാവകാശം ലഭിക്കുക. ആദ്യ ഭാര്യയിലെ മകൾക്ക് അനന്തരസ്വത്ത് ലഭിക്കില്ല' എന്ന് അവിടത്തെ പ്രധാനിയായ ഒരു ഉസ്താദ് ഫത്‌വ കൊടുത്തു. തെറ്റാണ് ഈ ഫത്‌വ. ആദ്യഭാര്യയിലെ പെൺകുട്ടി വിവാഹിതയായിരുന്നു. അവളുടെ ഭർത്താവ് എന്റെ അടുത്ത് വന്ന് ഫത്‌വ ചോദിച്ചു. 'പിതാവിന്റെ സ്വത്തിൽ മരണശേഷം 'മക്കൾക്ക്' അവകാശമുണ്ട്. അതിൽ ആൺ പെൺ വ്യത്യാസമില്ല. ഇത് ഇസ്‌ലാമിന്റെ നിയമമാണ്. ഉസ്താദ് തന്ന ഫത്‌വ അബദ്ധമാണ്'- ഞാൻ പറഞ്ഞു. 'നിങ്ങൾ ഫിഖ്ഹിന്റെ കിതാബ് പരിശോധിച്ചു നോക്കണം'എന്ന് അദ്ദേഹം ആവശ്യപ്പെട്ടു. 'ഫിഖ്ഹിന്റെ കിതാബിലുള്ളതനുസരിച്ചാണ് ഞാൻ പറയുന്നത്, പെൺകുട്ടിക്ക് അനന്തരസ്വത്ത് കിട്ടും. കിട്ടില്ല എന്ന് പറയുന്ന ഒരു ഫിഖ്ഹിന്റെ കിതാബും ലോകത്തില്ല'- ഞാൻ പറഞ്ഞു. അദ്ദേഹത്തിന് പൂർണമായും വിശ്വാസമായില്ല. അദ്ദേഹം സുന്നിയായിരുന്നു. നാട്ടുകാരെല്ലാം ആദരിക്കുന്ന സുന്നി മുസ്‌ലിയാരാണ് 'കിട്ടില്ല' എന്ന് ഫത്‌വ കൊടുത്തത്. അതിനെതിരായ എന്റെ ഫത്‌വ പെട്ടെന്ന് വിശ്വസിക്കാൻ പ്രയാസമായിരുന്നു. അദ്ദേഹം മഹല്ല് ഖാദിയുടെ അടുത്ത് പോയി ഫത്‌വ ചോദിച്ചു. 'അനന്തര സ്വത്ത് പെൺകുട്ടിക്കും കിട്ടും' എന്ന് ഖാദി ആദ്യം ഫത്‌വ കൊടുത്തു. 'കിട്ടില്ല എന്ന് ഫത്‌വ തന്നത് ഇന്ന മുസ്‌ലിയാരാണ്' എന്നറിഞ്ഞപ്പോൾ ഖാദിയും കിട്ടില്ല എന്ന് മാറ്റിപ്പറഞ്ഞു. വീണ്ടും അദ്ദേഹം എന്റെ അടുത്തു വന്നു. 'കിട്ടില്ല എന്നാണ് ഫത്‌വയെങ്കിൽ അത് ഒരു പേപ്പറിൽ എഴുതിത്തരാൻ പറ. കാരണം ഇതൊരു പ്രശ്നമായി മാറുകയും ഫത്‌വ തെറ്റായിരുന്നുവെന്ന് തെളിയുകയും ചെയ്താൽ ഞാനങ്ങനെ പറഞ്ഞിട്ടില്ലെന്ന് വാദിച്ചേക്കും' എന്ന് ഞാൻ പറഞ്ഞു. ആവശ്യപ്പെട്ടതനുസരിച്ച് അദ്ദേഹം എഴുതിത്തന്നു. വിംബർലിഗഞ്ചിൽ ജമാഅത്ത് സ്ഥാപിച്ച പള്ളിയുടെ അടുത്തായിരുന്നു സുന്നികളുടെ മർകസ്. അവിടെയാണ് കിതാബുകൾ ഉണ്ടായിരുന്നത്. *മഹല്ലിയി*ലെ അനന്തരാവകാശം വിശദീകരിക്കുന്ന ഭാഗം ഉസ്താദിനോട് വാങ്ങി കൊണ്ടുവരാൻ വേണ്ടി മുഹമ്മദലിയെ പറഞ്ഞയച്ചു. അദ്ദേഹം അത് വാങ്ങി കൊണ്ടുവന്നു. ഞാനത് വായിക്കാതെ കുറച്ചു സമയം കഴിഞ്ഞ് തിരിച്ചു കൊടുത്തയച്ചു. ഉസ്താദിനെ ചിന്തിപ്പിക്കലായിരുന്നു എന്റെ ലക്ഷ്യം. അതുതന്നെ സംഭവിച്ചു. *മഹല്ലി* തിരിച്ചു കിട്ടിയ ഉടനെ അദ്ദേഹം അനന്തരാവകാശത്തെക്കുറിച്ച ഭാഗം വായിച്ചു; താൻ കൊടുത്ത ഫത്‌വ തെറ്റാണെന്ന് മനസ്സിലായി. അദ്ദേഹം ഉടൻ സ്റ്റുവർട്ട് ഗഞ്ചിൽ വന്ന് പെൺകുട്ടിയുടെ ഭർത്താവിനോട് പറഞ്ഞു: 'ഞാൻ പറഞ്ഞത് തെറ്റായിരുന്നു. അവൾക്ക് അനന്തരസ്വത്ത് കിട്ടും. കെ.ടി പറഞ്ഞതാണ് ശരി.' ഇതു കേട്ടപ്പോൾ അദ്ദേഹം ദേഷ്യപ്പെട്ടു. 'താടിയും തലപ്പാവുമില്ലാത്ത അബ്ദുർറഹീം സാഹിബ് തറപ്പിച്ചു പറഞ്ഞതാണ് കിട്ടുമെന്ന്. എന്നിട്ടും നിങ്ങൾ ഇല്ലെന്നു പറഞ്ഞു. ഇപ്പോൾ രണ്ടു മൂന്നു ദിവസം കഴിഞ്ഞാണോ നിങ്ങൾക്ക് ബോധം വന്നത്?' എന്നൊക്കെ ഉച്ചത്തിൽ ചോദിച്ചു. ഇതുകേട്ട് ആളുകൾ കൂടി. അതവിടെ സംസാരവിഷയമായി. അപ്പോഴാണ് ഞാൻ അങ്ങോട്ട് ചെന്നത്. ഞാനദ്ദേഹത്തെ ആശ്വസിപ്പിച്ചു. 'നിങ്ങൾ അങ്ങനെയൊന്നും പറയരുത്. ഉസ്താദിന് ഒരു അബദ്ധം പറ്റിയതാണ്. അത് അദ്ദേഹം സമ്മതിച്ചുകഴിഞ്ഞ സ്ഥിതിക്ക് പിന്നീട് ആക്ഷേപിക്കുന്നത് തെറ്റാണ്. ഇനി നിങ്ങൾ പ്രശ്നമുണ്ടാക്കരുത്' എന്ന് പറഞ്ഞ് ഞാൻ പെൺകുട്ടിയുടെ ഭർത്താവിനെയും അവിടെ കൂടിയവരെയും സമാധാനിപ്പിച്ചു പറഞ്ഞയച്ചു. ജനങ്ങൾക്ക് വലിയ സന്തോഷമായി. നമ്മോടുള്ള മതിപ്പും വർധിച്ചു. 'ജമാഅത്തുകാർക്ക് വിവരമുണ്ട്, കിതാബ് തിരിയുന്നവരാണ്' എന്ന് അവർക്ക് ബോധ്യപ്പെട്ടു. ഇതിനു ശേഷമാണ് ഖാദിയാനികളുമായുള്ള വാദപ്രതിവാദം നടന്നത്.

### ഖാദിയാനി മസ്അല

അന്തമാനിൽ നാലോ അഞ്ചോ ഖാദിയാനികളുണ്ടായിരുന്നു. നസീർ അഹ്മദ് എന്നു പേരുള്ള ഒരു പഞ്ചാബുകാരനായിരുന്നു അവരുടെ നേതാവ്. മണ്ണാർക്കാട് സ്വദേശിയും അന്തമാനിലെ ഗവൺമെന്റ് ഉദ്യോഗസ്ഥനുമായിരുന്ന ത്വാഹിറായിരുന്നു മറ്റൊരാൾ. യുവാക്കൾക്കിടയിലെ നമ്മുടെ പ്രവർത്തനങ്ങൾ വഴി നിരവധി ആളുകൾ ജമാഅത്തിനോട് അടുത്തു കഴിഞ്ഞിരുന്നു. ഇത് ഖാദിയാനികളെ അസ്വസ്ഥരാക്കി. സുന്നികളുമായി ഏറ്റുമുട്ടിയിരുന്ന ഖാദിയാനികൾ അവരെ വാദപ്രതിവാദത്തിന് വെല്ലുവിളിച്ചിരുന്നു. പക്ഷേ സുന്നികൾ ഒഴിഞ്ഞു മാറുകയാണുണ്ടായത്. 'പരിശുദ്ധമായ നമ്മുടെ സ്റ്റേജിൽ ഖാദിയാനികളെ കയറ്റുകയോ' എന്നായിരുന്നു സുന്നികളുടെ ചോദ്യം! തങ്ങൾക്ക് മറുപടി പറയാൻ ആർക്കും കഴിയില്ല എന്ന ധാരണയിലായിരുന്നു ഖാദിയാനികൾ. ജനങ്ങൾക്കും അത്തരമൊരു തോന്നലുണ്ടായിരുന്നു.

ജമാഅത്തുമായി ഒരു ഏറ്റുമുട്ടൽ ഉണ്ടാകണമെന്ന് ഖാദിയാനിയായ ത്വാഹിറിന് ഒരു ആഗ്രഹമുണ്ടായി. അദ്ദേഹം ഇടക്കിടെ പള്ളിയിൽ വരും. ജമാഅത്തിൽ പങ്കെടുക്കില്ല; ഒറ്റക്ക് നമസ്കരിക്കും. 'നിങ്ങളൊക്കെ അഹ്‌ലുൽ കിതാബാണ്, പിഴച്ചവരാണ്' എന്നാണ് ത്വാഹിർ നമ്മോട് പറഞ്ഞിരുന്നത്. പലപ്പോഴും അദ്ദേഹം തർക്കിക്കാൻ വരും. ഞാനതിന് നിന്നുകൊടുക്കാറുണ്ടായിരുന്നില്ല. 'മുഹമ്മദ് നബിക്ക് ശേഷം പ്രവാചകന്മാർ വരുമെന്ന് ഖുർആൻ പറഞ്ഞിട്ടുണ്ട്. 14 ആയത്തുകൾ അതിനു തെളിവുണ്ട്' എന്ന് ഒരിക്കലദ്ദേഹം പറഞ്ഞു. 'നിങ്ങൾ എന്ത് ഖുർആനെക്കുറിച്ചാണ് പറയുന്നത്, നിങ്ങൾക്ക് വേറെ കിതാബുകളല്ലേ, പിന്നെ എന്ത് ഖുർആൻ, നിങ്ങൾക്ക് ഖുർആനെ പറ്റി എന്തറിയും?' എന്ന് ഞാൻ തിരിച്ചു ചോദിച്ചു. ഇത് ത്വാഹിറിന് വലിയ പിടിവള്ളിയായി. 'നിങ്ങളുടെ മൗലവിക്ക് ഖുർആനിലൊന്നും വിശ്വാസമില്ല' എന്ന് അദ്ദേഹം നാടു മുഴുവൻ പറഞ്ഞു നടന്നു. അതൊരു സംസാര വിഷയമായി. ആളുകളൊക്കെ പലതും ചോദിക്കാൻ തുടങ്ങി.

വിംബർലി ഗഞ്ച് ടൗണിൽ ഞാൻ ടൈലറിംഗ് പഠിച്ചിരുന്ന ഒരു കടയുണ്ട്. കൊച്ചുസാഹിബിന്റേതായിരുന്നു കട. ഞാൻ അവിടെയിരിക്കുമ്പോൾ ത്വാഹിർ അങ്ങോട്ടു വന്നു. ഞാൻ അദ്ദേഹവുമായി സംസാരിച്ചു. അദ്ദേഹം ഖുർആൻ ആയത്തുകൾ ഓതാൻ തുടങ്ങി. നിങ്ങൾ ഓതിക്കോ, അർഥം ഞാൻ പറയാം. അതിൽ മുഹമ്മദ് നബിക്ക് ശേഷം ഒരു പ്രവാചകൻ വരുമെന്നുണ്ടെങ്കിൽ നമുക്കംഗീക

രിക്കാം' എന്ന് ഞാൻ പറഞ്ഞു. അദ്ദേഹം ആയത്തുകൾ ഓതാൻ തുടങ്ങി; ഞാൻ അർഥവും പറഞ്ഞു. സംസാരം നീണ്ടപ്പോൾ ജനം കൂടി. കുട്ടൂത്ത അലവിക്ക എന്നൊരാൾ ഉണ്ടായിരുന്നു അവിടെ. മാപ്പിള ലഹള കാലത്ത് അന്തമാനിലെത്തിയ ആളാണ്. അദ്ദേഹം ഞങ്ങളുടെ സംസാരം കേൾക്കുന്നുണ്ടായിരുന്നു. ത്വാഹിറിന് ഉത്തരം മുട്ടിയത് കണ്ടപ്പോൾ, കുട്ടൂത്ത അലവിക്ക പറഞ്ഞു: 'മുഹമ്മദ് നബിക്ക് ശേഷം ഒരു പ്രവാചകൻ വരുമെന്നതിന് പതിനാല് ഖുർആൻ ആയത്തുകൾ തെളിവുണ്ടെന്ന് പറഞ്ഞ് ഞങ്ങളെയൊക്കെ നിങ്ങൾ അഹ്‌ലുൽ കിതാബാക്കി. ആ പതിനാല് ആയത്തും ഇവിടെ കൊണ്ടുവന്നിട്ടില്ലെങ്കിൽ നിന്റെ പണി ഞാൻ തീർക്കും'! സമയം രാത്രി പതിനൊന്ന് മണിയായി. 'കെ.ടി നമുക്ക് എപ്പോൾ വേണമെങ്കിലും ഈ സംസാരം നിർത്താ'മെന്ന് ത്വാഹിർ പറഞ്ഞു. 'ഇപ്പോൾ നിർത്തണോ, നിർത്താ'മെന്ന് ഞാനും.

താടിയില്ലാത്ത, പാണ്ഡിത്യത്തിന്റെ അംഗീകൃതമായ വേഷ ഭൂഷകളില്ലാത്ത ആളായിരുന്നതിനാൽ എന്നെ എളുപ്പം മുട്ടുകുത്തിക്കാം എന്നു കരുതിയാണ് ത്വാഹിർ സംസാരം തുടങ്ങിയത്. സംസാരം മുന്നോട്ടു പോയപ്പോഴാണ് ത്വാഹിറിന് കാര്യം മനസ്സിലായത്; അതത്ര എളുപ്പമല്ലെന്ന്. ത്വാഹിർ പരാജിതനായ അവസ്ഥയിൽ അന്ന് ഞങ്ങൾ പിരിഞ്ഞു. ഏതാനും ദിവസങ്ങൾക്കകം ത്വാഹിർ, നസീർ അഹ്മദിനെയും കൂട്ടി മർകസിൽ വന്നു. നല്ല രൂപത്തിൽ തന്നെ ഞങ്ങൾ സംസാരിച്ചു; ഏറ്റുമുട്ടലിന്റെ സ്വരമുണ്ടായിരുന്നില്ല.

എന്റെ രണ്ടു ബാഗുകൾ ചുമരിൽ തൂക്കിയിട്ടുണ്ടായിരുന്നു. 'ഒരു ബാഗ് എനിക്ക് തരുമോ' എന്ന് നസീർ അഹ്മദ് ചോദിച്ചു. ഞാനത് എടുത്തുകൊടുത്തു. അവർ അതുമായി നേരെ ചെന്നത് എസ്.വൈ.എസ് നേതാവായിരുന്ന മൊയ്തുണ്ണി സാഹിബിന്റെ കടയിലേക്കാണ്. ഞാൻ കൊടുത്ത ബാഗ് കാണിച്ചുകൊണ്ട് നസീർ അഹ്മദ് മൊയ്തുണ്ണി സാഹിബിനോട് പറഞ്ഞു: 'അബ്ദീ അബ്ദുർറഹീം സാഹിബ് ഉൻകാ ബേഗ് ദേദിയാ, ഔർ ആനേകാ ടൈം ഉസ്കാ ദിൽ ബി ദേഗാ' (ഇപ്പോൾ അബ്ദുർറഹീം സാഹിബ് അദ്ദേഹത്തിന്റെ ബേഗ് തന്നു. അടുത്ത പ്രാവശ്യം അദ്ദേഹത്തിന്റെ മനസ്സും തരും). അത് മൊയ്തുണ്ണി സാഹിബിനും അവിടെയുണ്ടായിരുന്ന മറ്റുള്ളവർക്കും വലിയ പ്രയാസമായി. അവർ എന്റെ അടുത്ത് വന്ന് സങ്കടം പറഞ്ഞു. ഞാനവരെ

**ത്വാഹിർ എഴുന്നേറ്റുനിന്ന് പറഞ്ഞു: 'ഹം ഇങ്ങ്‌ലാൻ കർതാഹൂം, ആപ് ലോഗ് പക്കാ മുസൽമാൻ ഹെ' (നിങ്ങളെല്ലാം യഥാർഥ മുസ്‌ലിംകളാണെന്ന് ഞങ്ങൾ പ്രഖ്യാപിക്കുന്നു). ത്വാഹിറിന്റെ വാക്കുകൾ കേട്ടപ്പോൾ കുട്ടൂത്ത അലവ്യാക്ക കത്തിയൂരി: 'ഇതുവരെ ഞങ്ങളൊക്കെ അഹ്‌ലുൽ കിതാബാണെന്ന് വാദിച്ച നീ ഇപ്പോൾ ഞങ്ങൾ പക്കാ മുസ്‌ലിംകളാണെന്ന് പറയുന്നോ?'**

സമാധാനിപ്പിച്ചു: 'അബ്ദീ അബ്ദുർറഹീം സാഹിബ്കാ ബാഗ് ആപ് ലോഗ് ഖബൂൽ കിയാ. ഔർ ആനേകാ ടൈം ഉസ്കാ സന്ദേശ് ബി ആപ് ലോഗ് ഖബൂൽ കരേഗാ' (ഇപ്പോൾ അബ്ദുർറഹീം സാഹിബിന്റെ ബാഗ് നിങ്ങൾ സ്വീകരിച്ചു. അടുത്ത പ്രാവശ്യം അദ്ദേഹത്തിന്റെ ആശയവും നിങ്ങൾ സ്വീകരിക്കും) എന്ന് നിങ്ങൾക്ക് തിരിച്ചു പറയാമായിരുന്നില്ലേ എന്ന് ഞാൻ അവരോട് ചോദിച്ചു. 'കൊടുത്ത ആളല്ലേ വാങ്ങിയ ആൾക്കു മീതെ- അൽ യദുൽ ഉൽയാ ഖൈറുമ്മിൻ യദിസുഫ്‌ലാ'- എന്നും പറഞ്ഞു. ഇതു കേട്ടപാടേ മൊയ്തുണ്ണി സാഹിബ് ഓടി. അപ്പോഴേക്കും നസീർ അഹ്മദും ത്വാഹിറും ബോട്ട്ജട്ടിലെത്തിയിരുന്നു. മൊയ്തുണ്ണി സാഹിബ് അദ്ദേഹത്തിന്റെ ടൂവീലേറെടുത്ത് ജെട്ടിയിലെത്തി. ഞാൻ പറഞ്ഞു കൊടുത്ത മറുപടി അതുപോലെ അവരോട് പറഞ്ഞു. അവരാകെ അസ്വസ്ഥരായി. മൊയ്തുണ്ണി സാഹിബ് സുന്നി നേതാവായിരുന്നുവെന്ന് ഓർക്കണം.

ഒരാഴ്ച കഴിഞ്ഞപ്പോൾ ടൗണിൽ പോസ്റ്റർ പ്രത്യക്ഷപ്പെട്ടു. 'കെ.ടി അബ്ദുർറഹീമും നസീർ അഹ്മദും തമ്മിലുള്ള വാദപ്രതിവാദം, മർകസിൽ'! തീയതിയും കൊടുത്തിട്ടുണ്ട്. വാദപ്രതിവാദം നടത്താൻ തീരുമാനിച്ചിരുന്നില്ലെന്നു മാത്രമല്ല, അത്തരമൊരു ചർച്ചതന്നെ ഉണ്ടായിരുന്നില്ല. ഖാദിയാനികൾ സ്വന്തം ഇഷ്ട പ്രകാരം തീരുമാനിച്ച് നോട്ടീസ് ഇറക്കിയതായിരുന്നു. അവർ തീരുമാനിച്ച ദിവസം മർകസിൽ വന്നു. പോസ്റ്ററിലൂടെ അറിഞ്ഞെത്തിയ ആളുകൾ മർകസ് നിറയെ ഉണ്ടായിരുന്നു. സുന്നികളാണ് ഭൂരിപക്ഷവും. ഞാനും നസീർ അഹ്മദും മുഖാമുഖം ഇരുന്നു. 'ഇതുവരെ നമ്മൾ നടത്തിയത് സൗഹൃദ സംഭാഷണമാണ്. ഇപ്പോൾ നടക്കുന്നത് വാദപ്രതിവാദമാണ്. ഇത് നിങ്ങൾ സ്വന്തം ഇഷ്ടപ്രകാരം തീരുമാനിച്ചതാണ്. അതുകൊണ്ട് നിങ്ങൾ തുടങ്ങണം'- ഞാൻ പറഞ്ഞു. പക്ഷേ അവർ തുടങ്ങിയില്ല, ഞാൻ തന്നെ തുടക്കം കുറിച്ചു. 'മീർസാ ഗുലാം അഹ്മദ് ഖാദിയാനി ഇസ്‌ലാമിൽനിന്ന് പുറത്താണ്, സത്യനിഷേധിയാണ്, കള്ളപ്രവാചകനാണ് എന്ന് ഞങ്ങൾ വിശ്വസിക്കുന്നു. ഞങ്ങളെക്കുറിച്ച് നിങ്ങളുടെ വിശ്വാസമെന്താണ്? ഞങ്ങൾ മുസ്‌ലിംകളാണോ അതല്ല ഇസ്‌ലാമിന് പുറത്തോ?' എന്റെ ചോദ്യം.

നസീർ അഹ്മദ് നിശബ്ദനായി ഇരുന്നു. മറുപടിയൊന്നും പറഞ്ഞില്ല. ഇരുനൂറോളം മുസ്‌ലിംകൾ അവിടെയുണ്ട്. അവരെ നോക്കി 'നിങ്ങൾ കാഫിറുകളാണ്' എന്ന് പറയാൻ നസീർ അഹ്മദിന് കഴിഞ്ഞില്ല. അപ്പോൾ ത്വാഹിർ എഴുന്നേറ്റു നിന്ന് പറഞ്ഞു: 'ഹം ഇങ്ങ്‌ലാൻ കർ താഹൂം, ആപ് ലോഗ് പക്കാ മുസൽമാൻ ഹെ' (നിങ്ങളെല്ലാം യഥാർഥ മുസ്‌ലിംകളാണെന്ന് ഞങ്ങൾ പ്രഖ്യാപിക്കുന്നു). കാഫിറുകളാണെന്ന് പറഞ്ഞാൽ അടി കിട്ടുമെന്ന് അവർ ഭയപ്പെട്ടിരുന്നു. ത്വാഹിറിന്റെ വാക്കുകൾ കേട്ടപ്പോൾ കുട്ടൂത്ത അലവിക്ക കത്തിയൂരി: 'ഇതുവരെ ഞങ്ങളൊക്കെ അഹ്‌ലുൽ കിതാബാണെന്ന് വാദിച്ച നീ ഇപ്പോൾ ഞങ്ങൾ പക്കാ മുസ്‌ലിംകളാണെന്ന് പറയുന്നോ?'

അവർ പേടിച്ചു. അദ്ദേഹം ഒന്നും ചെയ്യില്ലെന്ന് പറഞ്ഞ് അവരെ സമാധാനിപ്പിച്ചു. അലവ്യാക്കയെയും ഇരുത്തി. 'എന്താണെങ്കിലും ധൈര്യമായി തുറന്നു പറഞ്ഞോളൂ. ആരും ഒന്നും ചെയ്യില്ല.' ഞാൻ ധൈര്യം കൊടുത്തു. പക്ഷേ അദ്ദേഹം അഭിപ്രായം മാറ്റിയില്ല. 'മിർസാ ഗുലാം അഹ്മദ് ഖാദിയാനി ബ്രിട്ടീഷുകാർ സൃഷ്ടിച്ച നബിയാണ്. അല്ലാഹുവിന്റെ റസൂലല്ല. അന്ത്യപ്രവാചകൻ മുഹമ്മദ് നബിയാണ്. ഇതാണ് ഞങ്ങളുടെ വിശ്വാസം. ഇതിനോട് നിങ്ങൾക്ക് യോജിക്കാമെങ്കിൽ അങ്ങനെ. അല്ലെങ്കിൽ നിങ്ങൾക്ക് നിങ്ങളുടെ മതം, ഞങ്ങൾക്ക് ഞങ്ങളുടെ ദീൻ. അതല്ല അഹ്മദ് ഖാദിയാനി യഥാർഥ നബിയാണെന്ന് സമർഥിക്കാൻ കഴിയുമെങ്കിൽ നിങ്ങൾ തെളിയിക്കുക- ഞാൻ പറഞ്ഞു. അതിനവർ മറുപടി പറഞ്ഞില്ല.

ഈസാ നബിയെക്കുറിച്ചായി അടുത്ത സംസാരം. 'ഈസാ നബി മരിച്ചു, മരിച്ചില്ല, ഇനി ഭൂമിയിലേക്ക് വരും, വരില്ല' തുടങ്ങിയ ചർച്ചകളിലൂടെ വിഷയം കടന്നുപോയി. 'ഈസാ നബി മരിച്ചു എന്നു വിശ്വസിച്ചാലും മരിച്ചില്ല എന്നു വിശ്വസിച്ചാലും ഇസ്‌ലാമിൽനിന്ന് പുറത്താകില്ല. ഈസാ നബി ഭൂമിയിലേക്ക് തിരി

ച്ചുവരും എന്നു വിശ്വസിച്ചാലും ഇസ്‌ലാമിൽനിന്ന് പുറത്ത് പോകില്ല, വരില്ലെന്ന് വിശ്വസിച്ചാലും പുറത്തുപോകില്ല. അത് ഇസ്‌ലാമിന്റെ അടിസ്ഥാന വിശ്വാസ കാര്യങ്ങളിൽ പെട്ടതല്ല. ഈസാ നബിയുടെ പ്രവാചകത്വമാണ് അടിസ്ഥാന വിശ്വാസത്തിൽ പെട്ടത്. ഈസാ നബി പ്രവാചകനാണ്, അതിൽ സംശയമില്ല. മരിച്ചിട്ടുണ്ടോ ഇല്ലേ എന്നത് അങ്ങനെയല്ല. ശാഖാപരമായ ഒരു വിഷയത്തിൽ മേൽ അടിസ്ഥാനപരമായ വിശ്വാസം കെട്ടിപ്പടുക്കാൻ പറ്റില്ല.' ആയത്തും ഹദീസുമൊക്കെ ഉദ്ധരിച്ച് വിശദീകരിച്ചുകൊണ്ടാണ് ഞാൻ വിഷയം അവതരിപ്പിച്ചത്. അവർക്ക് ഉത്തരം മുട്ടി. നസീർ അഹ്മദ് പറഞ്ഞു: എനിക്ക് അറബി അറിയില്ല. അബ്ദുർറഹീം സാഹിബിന് അറബി അറിയാം. അതുകൊണ്ട് താങ്കളുമായി സംസാരിക്കാൻ അറബി അറിയുന്ന ഒരു പണ്ഡിതനെ വരുത്താം. തൽക്കാലം നമുക്ക് പിരിയാം.' അങ്ങനെ ആ വാദപ്രതിവാദം അവസാനിച്ചു. സംഭവിച്ചതിന് വിരുദ്ധമായ കള്ള റിപ്പോർട്ടുകളാണ് പിന്നീട് ഖാദിയാനി മാസികയായ *സത്യദൂതനിൽ* വന്നത്. ഈ സംഭവം സുന്നികൾക്കിടയിൽ നമുക്ക് വലിയ സമ്മതി നേടിത്തന്നു.

## അബ്ദുപ്പു മൗലവിയുടെ മരണം

1970 ആഗസ്റ്റ് പകുതിയോടെ അന്തമാനിലെത്തിയ ഞാൻ ഒന്നര വർഷം കഴിഞ്ഞ ശേഷമാണ് നാട്ടിൽ വന്നത്; 1971 അവസാനത്തിൽ. പാകിസ്താൻ പിളരുകയും കിഴക്കൻ പാകിസ്താൻ ബംഗ്ലാദേശ് എന്ന സ്വതന്ത്ര രാജ്യമാവുകയും ചെയ്ത സമയമായിരുന്നു. ബംഗ്ലാദേശുമായുള്ള യുദ്ധത്തിൽ പാകിസ്താൻ പരാജയപ്പെട്ട ശേഷമായിരുന്നു എന്റെ വീട്ടിലേക്കുള്ള വരവും മടക്കയാത്രയും. അന്തമാനിലേക്ക് പോയത് ഉമ്മക്ക് തീരെ ഇഷ്ടമായിരുന്നില്ല. അന്തമാൻ അപകടം പിടിച്ച, കുറ്റവാളികളെ നാടുകടത്തുന്ന സ്ഥലമാണെന്ന് ഉമ്മ മനസ്സിലാക്കിയിരുന്നു. മലബാറിലെ ബ്രിട്ടീഷ് വിരുദ്ധ കലാപത്തെത്തുടർന്ന് നിരവധിയാളുകളെ ബ്രിട്ടീഷുകാർ അന്തമാനിലേക്ക് നാടുകടത്തിയിരുന്നു. ആ സംഭവമൊക്കെ ഉമ്മക്കറിയാമായിരുന്നു. പലതും പറഞ്ഞ് ഉമ്മയെ സമാധാനിപ്പിച്ചാണ് അന്തമാനിലേക്ക് പോയത്. ഒന്നര വർഷം കഴിഞ്ഞ് നാട്ടിൽ വന്ന് തിരിച്ചുപോകുമ്പോൾ ഉമ്മയും ജ്യേഷ്ഠൻ അബ്ദുപ്പു മൗലവിയും മാനസികമായി വല്ലാതെ വിഷമിച്ചിരുന്നു. അബ്ദുപ്പു മൗലവി ശാന്തപുരത്ത് അധ്യാപകനായിരുന്നു. ട്രെയിൻ സമയമായതുകൊണ്ട് ഞാൻ വീട്ടിൽ നിന്നിറങ്ങി. വഴിയിൽ പട്ടിക്കാട് ചുങ്കത്തുവെച്ചാണ് ജ്യേഷ്ഠനെ കണ്ടത്. എന്നെ കെട്ടിപിടിച്ച്, 'അന്തമാനിലേക്ക് തന്നെ പോകണമല്ലേ' എന്നു ചോദിച്ചു. ഞങ്ങൾ സലാം പറഞ്ഞ് പിരിഞ്ഞു. രണ്ടു പേരും രണ്ടു ഭാഗത്തേക്ക് നടന്നു. അൽപം നടന്നപ്പോൾ ജ്യേഷ്ഠൻ തിരിഞ്ഞുനോക്കി, ഞാനും. അതായിരുന്നു ഞങ്ങൾ തമ്മിലുള്ള അവസാനത്തെ കൂടിക്കാഴ്ച.

അന്തമാനിൽ തിരിച്ചെത്തി മൂന്നു മാസം കഴിഞ്ഞു. ജ്യേഷ്ഠന്റെ കത്ത് വന്നു. 'നാട്ടിലേക്ക് വരണം, നേരിട്ട് ചില കാര്യങ്ങൾ പറയാനുണ്ട്' ഇതായിരുന്നു പ്രധാന ഉള്ളടക്കം. ഞാൻ ഒരു ഫോട്ടോ അയച്ചുകൊടുത്തു. അത് കിട്ടിയപ്പോൾ മറുപടി വന്നു: 'ഫോട്ടോയല്ല വേണ്ടത്, നിന്നെ നേരിട്ടു കാണണം.'

1972 ഒക്ടോബർ 21-ാം തീയതി അബ്ദുപ്പു മൗലവി മരണപ്പെട്ടു. ഒരാഴ്ച കഴിഞ്ഞാണ് മരണവാർത്ത ഞാനറിഞ്ഞത്. മരിച്ച ഉടൻ തന്നെ ടെലിഗ്രാം ചെയ്തിരുന്നെങ്കിലും കിട്ടിയില്ല. ഒരാഴ്ച കഴിഞ്ഞ് അനുജൻ ഹമീദിന്റെ കത്താണ് കിട്ടിയത്; 'വിവരങ്ങൾ അറിഞ്ഞില്ലേ. എന്താണ് തിരിച്ചുവരാത്തത്'. അത്രയേ കത്തിലുണ്ടായിരുന്നുള്ളൂ. അന്ന് ശാന്തപുരം കോളേജിൽ പഠിച്ചിരുന്ന അന്തമാൻ സ്വദേശിയായ എം.പി റശീദ് അവന്റെ ഉപ്പാക്ക് കത്തയച്ചിരുന്നു. അതിൽ കെ.ടി അബ്ദുപ്പു മൗലവി മരിച്ച വിവരം ഉണ്ടായിരുന്നു. അദ്ദേഹത്തിലൂടെയാണ് ഞാൻ വിവരമറിഞ്ഞത്. ഒരു മാസം കഴിഞ്ഞാണ് എനിക്ക് നാട്ടിലേക്ക് വരാനായത്. 1972 നവംബർ അവസാനത്തോടെ മുഴുസമയ പ്രവർത്തനം നിർത്തി ഞാൻ അന്തമാനോട് വിടപറഞ്ഞു.

ഞാൻ അന്തമാൻ വിടുന്നതിനു മുമ്പ് അവിടെ രണ്ടു പേർ ജമാഅത്ത് മെമ്പർമാരായി; മുഹമ്മദലിയും ഏനു സാഹിബും. അബ്ദുൽ മജീദ് എന്നൊരാൾ കൂടി അംഗത്വത്തിന്അപേക്ഷിച്ചിരുന്നു. മജീദിന് പതിനേഴ് വയസ്സേ ആയിരുന്നുള്ളൂ. മൗലാനാ അബുല്ലൈസ് സാഹിബായിരുന്നു അന്ന് അമീർ. സെക്രട്ടറി അഫ്സൽ ഹുസൈൻ സാഹിബും. കുറച്ചുകൂടി കഴിഞ്ഞശേഷം അബ്ദുൽ മജീദിന് അംഗത്വം കൊടുക്കാം എന്ന് അവർ പറഞ്ഞു. മുഹമ്മദലിക്കും ഏനു സാഹിബിനും ജമാഅത്ത് അംഗത്വം ലഭിച്ചതോടെ പ്രവർത്തനങ്ങൾക്ക് നേതൃത്വം കൊടുക്കാൻ അന്തമാനിൽ നിന്നുതന്നെ പ്രവർത്തകരുണ്ടായി. ■

(തുടരും)

sadarvzkd@yahoo.co.in